# KERALA AGRICULTURAL UNIVERSITY

## NOTIFICATION

**വിജ്ഞാപനം**

***www.admissions.kau.in***

No. KAU EDU/904/2024-EDU F2 Dated. Vellanikkara, 04-06-2025

Kerala Agricultural University invites applications from eligible candidates for admission to the following programmes (RF Mode) in constituent Colleges/Institutions for the Academic Year 2025-26.

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ/ സ്ഥാപനങ്ങളിലെ താഴെപ്പറയുന്ന പ്രോഗ്രാമുകളിലേക്ക് (ആർ എഫ് മോഡ്) 2025-26 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനത്തിന് യോഗ്യരായവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

## B.Sc Programmes

1. **B.Sc. (Hons.) Agriculture**
(Regional Agricultural Research Station, Kumarakam, Kottayam)

ബി.എസ്.സി. (ഓണേഴ്സ്) അഗ്രിക്കൾച്ചർ
(പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, കോട്ടയം)

2. **B.Sc. (Hons.) Horticulture**
(College of Agriculture, Vellanikkara, Thrissur)

ബി.എസ്.സി. (ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ
(കാർഷിക കോളേജ്, വെള്ളാനിക്കര, തൃശൂർ)

## B.Tech Programme

3. **B.Tech. Agricultural Engineering**
(Kelappaji College of Agricultural Engineering and Food Technology, Tavanur, Malappuram)

ബി.ടെക്. അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്
(കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് & ഫുഡ് ടെക്നോളജി കോളേജ്, തവനൂർ, മലപ്പുറം)

# TIME SCHEDULE

| | | |
|---|---|---|
| 1. | Commencement of Online Application Submission<br>ഓൺലൈൻ അപേക്ഷ സമർപ്പണം ആരംഭിക്കുന്ന തിയതി | 04.06.2025 |
| 2. | Last date of submission of online application<br>ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി | 30.06.2025 |
| 3. | Publishing Rank List<br>റാങ്ക് പട്ടിക പ്രസിദ്ധീകരണ തീയതി | Date will be announced later in web portal<br>admissions.kau.in<br>വെബ് പോർട്ടൽ വഴി തീയതി പിന്നീട് പ്രഖ്യാപിക്കുന്നതാണ്. |
| 4. | Date of Admission<br>പ്രവേശന തീയതി | |
| 5. | Commencement of Classes<br>ക്ലാസുകൾ ആരംഭിക്കുന്ന തീയതി | |

* Applications received after the closure date will not be considered.
അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

The application forms and prospectus are available in KAU web portal, ***admissions.kau.in*** The Applicants shall submit the online application after registration, on or before **30.06.2025**.

Details of qualification, mode of selection, conduct of courses, etc. are available in the admission prospectus(es) given in the website. The applications which are incomplete or without required documents will be summarily rejected.

ഓൺലൈൻ അപേക്ഷാഫോമും പ്രോസ്പെക്ടസുകളും ***www.admissions.kau.in*** എന്ന സർവകലാശാല വെബ്‌പോർട്ടലിൽ ലഭ്യമാണ്. അപേക്ഷകർ രജിസ്ട്രേഷനു ശേഷം **30.06.2025** നകം ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

ആവശ്യമായ യോഗ്യത, തിരഞ്ഞെടുപ്പ് രീതി, കോഴ്സുകളുടെ നടത്തിപ്പ് മുതലായ വിശദാംശങ്ങൾ വെബ്‌പോർട്ടലിൽ നൽകിയിരിക്കുന്ന പ്രോസ്പെക്ടസിൽ ലഭ്യമാണ്. അപൂർണ്ണമോ മതിയായ രേഖകളില്ലാത്തതോ ആയ അപേക്ഷകൾ നിരസിക്കപ്പെടും.

## Application fee
അപേക്ഷാ ഫീ

| **Community**<br>വിഭാഗം | **Application Fee***<br>അപേക്ഷാ ഫീ |
|---|---|
| General**<br>പൊതുവിഭാഗം | Rs. 1,000/- |
| SC/ST (Kerala Nativity)/ Differently abled<br>പട്ടിക ജാതി/ പട്ടികവര്ഗം (കേരളം)/ ഭിന്നശേഷി വിഭാഗങ്ങൾ | Rs. 500/- |

*** Application fee is non-refundable**
അപേക്ഷാ ഫീസ് തിരികെ നൽകുന്നതല്ല

**A candidate who does not belong to SC/ST community or Differently Abled will be treated as **General** candidate for the collection of application fee.

എസ്.സി./എസ്.റ്റി. (കേരളം)/ ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെടാത്ത അപേക്ഷകരെ അപേക്ഷാ ഫീസ് ഒടുക്കുന്ന വിഷയത്തിൽ പൊതുവിഭാഗം അപേക്ഷാർത്ഥിയായി കണക്കാക്കുന്നതാണ്.

## Mode of Application Fee Payment :

അപേക്ഷാഫീ ഒടുക്കുന്ന വിധം :

Application fee can be paid online by using the internet facility '**SB COLLECT**" of State Bank of India for which a link will be provided in the admission portal and an online payment receipt can be generated.

Application fee can also be remitted directly at any branches of the State Bank of India by showing the challan generated through "SB COLLECT" and receipt of payment will be issued by the bank. **Any other mode of payment will not be accepted.**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫീ പേമെൻറ് സൗകര്യമായ "**എസ്ബി കളക്റ്റ്**" ഉപയോഗിച്ച് ഓൺലൈൻ ആയി അപേക്ഷാ ഫീസ് അടയ്ക്കാം. പ്രവേശന പോർട്ടലിൽ ഇതിനായി നൽകിയിട്ടുള്ള ലിങ്ക് വഴി ഓൺലൈൻ ആയി പണം ഒടുക്കിയാൽ പേയ്മെന്റ് രസീത് ലഭ്യമാകുന്നതാണ്.

അല്ലെങ്കിൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതെങ്കിലും ശാഖകളിൽ "**എസ്ബി കളക്റ്റ്**" മുഖേന ലഭിച്ച ചലാൻ സമർപ്പിച്ച് അപേക്ഷാ ഫീസ് നേരിട്ട് അടച്ചാൽ, പേയ്മെന്റ് രസീത് ബാങ്കിൽ നിന്നും കൈപ്പറ്റാവുന്നതാണ്. മറ്റ് മാർഗങ്ങളിലൂടെ/ രീതികളിലൂടെ അപേക്ഷാ ഫീ ഒടുക്കുന്നത് സ്വീകരിക്കുന്നതല്ല.

## How to Apply Online :

ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന വിധം :

Log in to web portal, **www.admissions.kau.in** and **Download the Prospectus** for admission to selected programme for the 2025-26 academic year and read it carefully to understand the method of applying, eligibility criteria and other requirements for submission of online application.

***www.admissions.kau.in*** എന്ന വെബ്പോർട്ടൽ സന്ദർശിക്കുക. 2025-26 അധ്യയന വർഷത്തേക്കുള്ള തിരഞ്ഞെടുത്ത പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനായി പ്രോസ്പെക്ടസ് ഡൌൺലോഡ് ചെയ്ത് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന വിധവും യോഗ്യതാ മാനദണ്ഡങ്ങളും മറ്റ് ആവശ്യകതകളും ശ്രദ്ധാപൂർവ്വം വായിച്ച് മനസിലാക്കുക.

### Step: 1

ഘട്ടം: 1

Go to the link "**Candidate Registration**" and open the same. Fill all the details, enter password and upload images of a recent passport size photograph in ***jpeg.*** format and register. After registering, note down the Register Number (eg: KAU******).

"**കാൻഡിഡേറ്റ് രജിസ്ട്രേഷൻ**" എന്ന ലിങ്ക് തുറക്കുക. എല്ലാ വിശദാംശങ്ങളും പൂരിപ്പിക്കുക, പാസ്‌വേഡ് നൽകുക, jpeg ഫോർമാറ്റിൽ സമീപകാലത്തെ പാസ്പോർട്ട് സൈസ് ഫോട്ടോ

അപ്.ലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യുക. ലഭിച്ച രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി/എഴുതി സൂക്ഷിക്കുക. (ഉദാ: KAU * * * * * *)

Step: 2

ഘട്ടം: 2

After Registration, go to the link “**Candidate Login**” and login with your Register Number and Password. Fill all the personal, communication and educational qualification details and make payment of Application fee through online by using “**SBCOLLECT**”.

രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം '**കാൻഡിഡേറ്റ് ലോഗിൻ**' എന്ന ലിങ്ക് ഉപയോഗിച്ച് നിങ്ങളുടെ രജിസ്റ്റർ നമ്പറും പാസ്.വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. എല്ലാ വ്യക്തിഗത, വിദ്യാഭ്യാസ യോഗ്യത വിശദാംശങ്ങളും വിലാസവും പൂരിപ്പിച്ച് "**എസ്ബി കളക്ട്**" ഉപയോഗിച്ച് ഓൺലൈൻ വഴി ഫീസ് അടയ്ക്കുക.

Step: 3

ഘട്ടം: 3

**UPLOAD** the following required documents.

- Print out of receipt of online application fee payment.
- Relevant page of SSLC or equivalent (Birth Certificate) in proof of age.
- Mark Lists of qualifying examination (copy of original certificates).

Applicants seeking reservation should also upload the following relevant documents, as the case may be.

- Community/Non-Creamy Layer (NCLC)/Economically Weaker Sections (EWS) certificates, as the case may be, having **valid dates** (in the case of Reservation Candidates)
- Certificate of disability issued by Medical Board (in the case of Differently Abled Persons)

താഴെപറയുന്ന രേഖകൾ **അപ്.ലോഡ്** ചെയ്യുക.

- ഓൺലൈൻ ആയി അപേക്ഷാഫീസ് ഒടുക്കിയ രസീതിൻറെ പ്രിൻറ്-ഔട്ട്
- എസ്.എസ്.എൽ.സി. യുടെ പ്രസക്ത പേജ്, അല്ലെങ്കിൽ പ്രായം തെളിയിക്കുന്ന രേഖ (ജനന സർട്ടിഫിക്കറ്റ്).
- യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്.

സംവരണം ആവശ്യപ്പെടുന്ന അപേക്ഷാർത്ഥികൾ താഴെപറയുന്ന **സാധുവായ തീയതിയോട് കൂടിയ** ബന്ധപ്പെട്ട രേഖകൾ കൂടി അപ്.ലോഡ് ചെയ്യുക.

- കമ്മ്യൂണിറ്റി/ നോൺ-ക്രീമിലെയർ/ ഇ.ഡബ്ല്യു.എസ്. സാക്ഷ്യപത്രങ്ങൾ (സാമുദായിക സംവരണ വിഭാഗത്തിന്)

- മെഡിക്കൽ ബോർഡ് നൽകിയ വൈകല്യം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം (ഭിന്നശേഷി വിഭാഗത്തിന് )

Step: 4
ഘട്ടം 4

Enter the details of the application fee paid, and submit the application.
അപേക്ഷാഫീ ഒടുക്കിയ വിശദാംശങ്ങൾ ചേർത്ത് അപേക്ഷ സമർപ്പിക്കുക.

Step: 5
ഘട്ടം: 5

Take a PRINTOUT of the Confirmation page of the online application submitted and keep it for future reference along with a copy of proof of fee remitted.

ഓൺലൈൻ അപേക്ഷ സമർപ്പിച്ചത് സ്ഥിരീകരിക്കുന്ന പേജിൻറെ പ്രിൻറ്-ഔട്ടും ഒടുക്കിയ ഫീ രസീതിൻറെ പകർപ്പും പ്രവേശന നടപടികൾ/ ഭാവിആവശ്യങ്ങൾ എന്നിവക്കായി സൂക്ഷിക്കുക.

**Please Note: DO NOT SEND THE PRINTOUT** of the application or other documents to Kerala Agricultural University.

**ശ്രദ്ധിച്ചാലും:** അപേക്ഷ ഓണ്‍ലൈൻ ആയി മാത്രം സമർപ്പിച്ചാൽ മതിയാകും. അപേക്ഷയുടെ പ്രിൻറ്ഔട്ട്/മറ്റു രേഖകൾ കേരള കാർഷികസർവകലാശാലയിലേക്ക് അയയ്ക്കരുത്.

## Mandatory Reservation of Seats :
സീറ്റുസംവരണം :

| COMMUNITY<br>വിഭാഗം | RESERVATION %<br>സംവരണ ശതമാനം |
|---|---|
| State Merit സംസ്ഥാന മെറിറ്റ്<br><br>(***5 % of seats** from General Quota is reserved for **Differently Abled (DA)** persons, subject to availability of candidates. **5% സീറ്റുകൾ** (അർഹരായ അപേക്ഷാർത്ഥികളുണ്ടെങ്കിൽ) ഭിന്നശേഷി വിഭാഗത്തിനായി പൊതു വിഭാഗത്തിൽ നിന്നും നീക്കിവച്ചിരിക്കുന്നു.) | 50 |
| Economically Weaker Sections in General Category<br>പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങൾ | 10 |
| Socially and Educationally Backward Classes<br>സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങൾ | |
| a. **Ezhava** ഈഴവ | 9 |
| b. **Muslim** മുസ്ലിം | 8 |
| c. **Other Backward Hindus** മറ്റ് പിന്നാക്ക ഹിന്ദുക്കൾ | 3 |
| d. **Latin Catholic & Anglo Indian**<br>ലാറ്റിൻ കത്തോലിക്ക്, ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങൾ | 3 |
| e. **Dheevara and related communities** | 2 |

| | |
|---|---|
| ധീവരയും അനുബന്ധ സമുദായങ്ങളും | |
| f. **Viswakarma and related communities**<br>വിശ്വകർമ്മയും അനുബന്ധ സമുദായങ്ങളു ം | 2 |
| g.**Kusavan and related communities**<br>കുശവനും അനുബന്ധ സമുദായങ്ങളും | 1 |
| h .**Other Backward Christian**<br>മറ്റ് പിന്നാക്ക ക്രിസ്ത്യാനികൾ | 1 |
| i. **Kudumbi**<br>കുടുംബി | 1 |
| **Total** ആകെ | 30 |
| **Scheduled Castes (SC)**<br>പട്ടികജാതി സമുദായങ്ങള് (എസ്. സി.) | 8 |
| **Scheduled Tribes (ST)**<br>പട്ടികവര്ഗ സമുദായങ്ങൾ (എസ്. റ്റി.) | 2 |
| **TOTAL SEATS** ആകെ സീറ്റുകൾ | 100 |

**SEAT SHARING** BETWEEN **CUET (ICAR-UG) 2025, KEAM 2025** and eligible Mandatory Reservation categories

* 20% seats to be filled from **CUET (ICAR-UG) 2025** entrance examination rank list published by **National Testing Agency**

* 80% seats to be filled from **NEET-KEAM 2025** entrance examination Medical rank list published by **Commissioner for Entrance Examinations, Kerala.** (Out of the Total seats available for KEAM rank holders, half of the seats will be filled by mandatory reservation.)

| Academic Programme | BSc. (Hons.) Agriculture | BSc. (Hons.) Horticulture | B. Tech. Agrl. Engineering |
|---|---|---|---|
| **CUET (ICAR UG) 2025**<br>**(20% of total seats)** | **8** | **8** | **11** |
| **KEAM 2025 (State Merit**<br>സംസ്ഥാന മെറിറ്റ്) | **16** | **16** | **21** |
| **KEAM 2025 (Reservation** സംവരണം) | | | |
| Economically Weaker Sections in General Category പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ | 3 | 3 | 4 |
| Socially and Educationally Backward Classes സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങൾ | | | |

| | | | |
|---|---|---|---|
| a. **Ezhava** ഈഴവ | **3** | **3** | **4** |
| b. **Muslim** മുസ്ലിം | **3** | **3** | **3** |
| c. **Other Backward Hindus** മറ്റ് പിന്നാക്ക ഹിന്ദുക്കൾ | **1** | **1** | **1** |
| d. **Latin Catholic & Anglo Indian** ലാറ്റിൻ കത്തോലിക്ക്, ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങൾ | **1** | **1** | **1** |
| e. **Dheevara and related communities** ധീവരയും അനുബന്ധ സമുദായങ്ങളും | **1** | **1** | **1** |
| f. **Viswakarma and related communities** വിശ്വകർമ്മയും അനുബന്ധ സമുദായങ്ങളും | **1** | **1** | **1** |
| g. **Kusavan and related communities** കുശവനും അനുബന്ധ സമുദായങ്ങളും | **-** | **-** | **-** |
| h .**Other Backward Christian** മറ്റ് പിന്നാക്ക ക്രിസ്ത്യാനികൾ | **-** | **-** | **-** |
| i. **Kudumbi** കുടുംബി | **-** | **-** | **1** |
| **Scheduled Castes (SC)** പട്ടികജാതി സമുദായങ്ങള് (എസ്. സി.) | **2** | **2** | **4** |
| **Scheduled Tribes (ST)** പട്ടികവര്ഗ സമുദായങ്ങൾ (എസ്. റ്റി.) | **1** | **1** | **1** |
| **Total Seats** | **40** | **40** | **53** |

## Original Documents/ Certificates to be produced at the time of Admission:
പ്രവേശന സമയത്ത് സർവകലാശാലയിൽ ഹാജരാക്കേണ്ട അസൽ രേഖകൾ/ സർട്ടിഫിക്കറ്റുകൾ :

1. **Aadhaar Card in original and its copy**
ആധാർ കാർഡിന്റെ ഒറിജിനലും പകർപ്പും

2. **Proof of Date of Birth/ Age : SSLC or equivalent/ Birth certificate**
ജനനത്തീയതി/ വയസ്സ് തെളിയിക്കുന്ന രേഖ : എസ്.എസ്.എൽസി. അല്ലെങ്കിൽ തത്തുല്യം/ ജനന സർട്ടിഫിക്കറ്റ്

3. **Original certificates/ Marklists to prove educational qualifications (SSLC, +2 etc.)**
വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ (എസ്എസ്എൽസി, + 2 മുതലായവ)

4. **Non-Creamy Layer Certificate (NCLC) (in the case of reservation candidates other than SC/ST)**
നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് NCLC (എസ്.സി./എസ്.റ്റി. ഒഴികെയുള്ള സംവരണ അപേക്ഷാർത്ഥികൾ

5. **Community Certificate (for SC/ST candidates only)**

കമ്മ്യൂണിറ്റി/ ജാതി സർട്ടിഫിക്കറ്റ് (എസ്.സി./എസ്.റ്റി. അപേക്ഷാർത്ഥികൾ)

6. **Economically Weaker Sections certificate (in the case of EWS Category)**
പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള **EWS** സർട്ടിഫിക്കറ്റ്

7. **Certificate of Disability from the Medical Board certifying the percentage of Degree of Disability (for claiming reservation under Differently Abled category)**
മെഡിക്കൽ ബോർഡിൽ നിന്നുള്ള വൈകല്യത്തിന്റെ ശതമാനം സാക്ഷ്യപ്പെടുത്തുന്ന വൈകല്യ സർട്ടിഫിക്കറ്റ് (ഭിന്നശേഷി വിഭാഗം)

8. **Transfer Certificate (only on confirmation of admission/ seat)**
ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (പ്രവേശനത്തിനുള്ള അര്ഹത/സീറ്റ് സ്ഥിരീകരിച്ചാൽ മാത്രം)

**9. Character and Conduct certificate from the school/institution last attended**
അവസാനമായി പഠിച്ച സ്കൂൾ/ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള സ്വഭാവ, പെരുമാറ്റ സർട്ടിഫിക്കറ്റുകള്

10. **Physical Fitness certificate from a Medical Officer not below the rank of an Assistant Surgeon**
അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ശാരീരികക്ഷമത സർട്ടിഫിക്കറ്റ്

**11. Migration certificate** മൈഗ്രേഷൻ സർട്ടിഫിക്കറ്റ്

**12. Nativity/ Domicile certificate** നേറ്റിവിറ്റി/ ഡൊമിസൈൽ സർട്ടിഫിക്കറ്റ്

## General Conditions :

പൊതുവ്യവസ്ഥകള് :

1. The course will be offered only if a minimum of 50% of total intake capacity for each programme is filled for the current academic year. KAU reserves the right to decide on this matter as it deems fit.

നടപ്പ് അധ്യയന വർഷത്തിൽ ഓരോ പ്രോഗ്രാമിനും മൊത്തം പ്രവേശന ശേഷിയുടെ കുറഞ്ഞത് **50%** സീറ്റുകളിൽ എങ്കിലും വിദ്യാർത്ഥികൾ പ്രവേശനം നേടിയാൽ മാത്രമേ കോഴ്സ് നടത്തുകയുള്ളൂ. ഈ വിഷയത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം കേരള കാർഷിക സർവകലാശാലയിൽ നിക്ഷിപ്തമാണ്.

2. Candidates must follow the instructions strictly as given in the notification and course prospectus. Application Forms not complying with the instructions are liable to be rejected.

നോട്ടിഫിക്കേഷനിലും കോഴ്സ് പ്രോസ്പെക്ടസിലും നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അപേക്ഷാർത്ഥികൾ കർശനമായി പാലിക്കണം. നിർദേശങ്ങൾ പാലിക്കാത്ത അപേക്ഷകൾ നിരസിക്കപ്പെടും.

3. Only Indian nationals are eligible to apply for these programmes. If, at any point during or after admission, it is found that the candidate is not a citizen of India, their admission will be forfeited, and they shall be subjected to legal action as per law. Applicants whose place of birth and/or prior education is from a foreign country must submit supporting evidence, such as Indian passport.

ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ ഈ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ. പ്രവേശനസമയത്തോ അതിനുശേഷമോ ഏതെങ്കിലും ഘട്ടത്തിൽ അപേക്ഷാർത്ഥി ഇന്ത്യൻ പൌരനല്ലെന്ന് കണ്ടെത്തിയാൽ, പ്രവേശനം റദ്ദാക്കുന്നതും സർക്കാർ അനുശാസിക്കുന്ന നിയമനടപടികൾക്ക് വിധേയരാകേണ്ടിവരുന്നതുമാണ്. ജനനവും മുൻവിദ്യാഭ്യാസവും വിദേശരാജ്യത്തായിരുന്ന അപേക്ഷാർത്ഥികൾ ഇന്ത്യൻ പൗരത്വം തെളിയിക്കുന്ന രേഖകൾ (ഇന്ത്യൻ പാസ്പോർട്ട്) പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്.

4. Only Kerala native candidates are eligible for communal reservation. Non-Keralites will be treated as General Category candidates.

കേരളീയർക്ക് മാത്രമേ സാമുദായിക സംവരണത്തിന് അർഹതയുള്ളൂ. കേരളീയരല്ലാത്തവരെ പൊതുവിഭാഗത്തിൽ മാത്രം പ്രവേശനത്തിന് പരിഗണിക്കുന്നതാണ്.

5. The candidate should produce all the original documents required by the University at the time of admission for verification purpose, failing which, their candidature for admission will be forfeited and admission shall be cancelled at any stage.

സർവകലാശാലയിൽ, പ്രവേശന സമയത്ത് ആവശ്യമായ എല്ലാ അസൽ രേഖകളും അപേക്ഷാർത്ഥി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. അതിന് സാധിച്ചില്ലെങ്കിൽ പ്രവേശനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതും ഏതുഘട്ടത്തിലും പ്രവേശനം റദ്ദാക്കപ്പെടാവുന്നതുമാണ്.

6. Candidates eligible for reservation should submit their application in the relevant category. If a candidate has applied under the General Category, he/she will be treated as General, even if, he/she is eligible to apply under the reservation category.

സംവരണത്തിന് അർഹതയുള്ള അപേക്ഷാർത്ഥികൾ ബന്ധപ്പെട്ട വിഭാഗത്തിൽ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംവരണ വിഭാഗത്തിൽ അപേക്ഷിക്കാൻ അർഹതയുണ്ടായിട്ടും പൊതുവിഭാഗത്തിലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെങ്കിൽ, അപേക്ഷാർത്ഥിയെ പൊതുവിഭാഗത്തിൽ മാത്രം പ്രവേശനത്തിന് പരിഗണിക്കുന്നതാണ്.

7. In academic programmes where seats are reserved for the International/NRI category, any unfilled seats in this category will be converted to General category seats. and admissions to these converted seats will then be conducted accordingly.

അന്താരാഷ്ട്ര/NRI വിഭാഗത്തിനായി സീറ്റുകൾ നീക്കിവെച്ചിട്ടുള്ള പ്രോഗ്രാമുകളിൽ, ഒഴിവ് വരുന്ന NRI സീറ്റുകൾ പൊതുവിഭാഗം സീറ്റുകളായി മാറ്റി അപ്രകാരം പ്രവേശനം നൽകുന്നതാണ്.

8. Provisional Rank lists and Rejected Applications lists will be published in KAU webportal ***admissions.kau.in*** and the candidates will be admitted in accordance with their rank, on the date and time of admission published by the University in the webportal. **No individual communication will be sent to any candidates in this regard**. The candidates should frequently visit the website to know their time of admission. Any further claim in this regard will not be entertained.

താത്കാലിക റാങ്ക് പട്ടിക, നിരസിച്ച അപേക്ഷകളുടെ പട്ടിക എന്നിവ സർവകലാശാല വെബ്പോർ ട്ടലിൽ പ്രസിദ്ധീകരിക്കുന്നതും അപേക്ഷാർത്ഥികൾക്ക് ലഭിച്ച റാങ്ക് പ്രകാരം വെബ്പോർ ട്ടലിൽ പ്രസിദ്ധീകരിച്ച പ്രവേശന തീയതിയും സമയവും അനുസരിച്ച് പ്രവേശനം

നൽകുന്നതുമാണ്. ഇതിനായി **ഒരു അപേക്ഷാർത്ഥിക്കും വ്യക്തിഗത അറിയിപ്പ് നല്കുന്നതല്ല.** അപേക്ഷാർത്ഥികൾ അവരുടെ പ്രവേശന വിശദാംശങ്ങള് അറിയാൻ പതിവായി വെബ്സൈറ്റ് സന്ദർശിക്കണം. പിന്നീട് ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിക്കുന്നതല്ല.

9. All those who took admission and discontinued the course shall be liable to pay **Liquidated Damages (equal to 50% of annual fee)** to the University, as per the existing rules.

പ്രവേശനം നേടുകയും പിന്നീട് കോഴ്സ് ഉപേക്ഷിക്കുകയും ചെയ്യുന്ന വിദ്യാർഥി സർവകലാശാലയുടെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി (വാർഷിക ഫീസിന്റെ 50% ന് തുല്യമായ) **ലിക്വിഡേറ്റഡ് ഡാമേജസ്** തുക സർവകലാശാലയ്ക്ക് ഒടുക്കുന്നതിന് ബാധ്യസ്ഥരാണ്.

10. Since the aforementioned academic programmes are conducted under the revolving fund mode, fee concessions will not be available to applicants eligible for reservation. Upon admission to the university, eligible candidates may apply for **e-Grantz** of Government of Kerala or **Pradhan Mantri Vidyalakshmi scheme** of Government of India (for educational loan) ***pmvidyalaxmi.co.in*** through Kerala Agricultural University (KAU).

മുകളിൽ പരാമർശിച്ച അക്കാദമിക് പ്രോഗ്രാമുകൾ റിവോൾവിങ് ഫണ്ട് രീതിയിൽ നടത്തപ്പെടുന്നതായതിനാൽ, സംവരണത്തിന് അർഹരായ അപേക്ഷാർത്ഥികൾക്ക് ഫീസിളവ് ലഭ്യമാകുന്നതല്ല. സർവകലാശാലയിൽ പ്രവേശനം ലഭിച്ച ശേഷം യോഗ്യരായവർക്ക് കേരള സർക്കാരിൻറെ **ഇ-ഗ്രാൻറ്സ്,** ഭാരത സർക്കാരിൻറെ **പ്രധാനമന്ത്രി വിദ്യാലക്ഷ്മി സ്കീം** (വിദ്യാഭ്യാസ ലോൺ നേടുന്നതിന്) എന്നീ പദ്ധതികൾ വഴിയുള്ള ആനുകൂല്യം/ സാമ്പത്തിക സഹായത്തിന് കേരള കാർഷിക സർവകലാശാല (KAU) ***pmvidyalaxmi.co.in*** മുഖേന അപേക്ഷിക്കാവുന്നതാണ്.

11. The Registrar, Kerala Agricultural University or the Officer entrusted by him with the work of admission on his/her behalf is entitled to refuse admission to candidates, if not satisfied with the correctness or genuineness of any of the documents/certificates submitted by them along with the application. The decision of the Hon'ble Vice-Chancellor on this issue will be final.

കേരള കാർഷിക സർവകലാശാല രജിസ്ട്രാറിന്, അല്ലെങ്കിൽ രജിസ്ട്രാറിന് വേണ്ടി പ്രവേശന നടപടികള് കൈക്കൊള്ളുന്ന ഉദ്യോഗസ്ഥന്, അപേക്ഷയോടൊപ്പം സമർപ്പിച്ച ഏതെങ്കിലും രേഖകളുടെ, വിവരങ്ങളുടെ കൃത്യതയിലോ ആധികാരികതയിലോ സംശയമുള്ള പക്ഷം, അപേക്ഷാർത്ഥിക്ക് പ്രവേശനം നിരസിക്കാൻ അധികാരമുണ്ട്. ഈ വിഷയത്തിൽ ബഹു. വൈസ് ചാൻസലറുടെ തീരുമാനം അന്തിമമായിരിക്കും.

12. The Registrar or the Officer entrusted, Kerala Agricultural University or the officer entrusted is competent to close the admission at any date after the commencement of 1st semester of the academic programme.

കോഴ്സിന്റെ ഒന്നാം സെമസ്റ്റർ ആരംഭിച്ചതിന് ശേഷം ഏത് തീയതിയിലും പ്രവേശനം അവസാനിപ്പിക്കാൻ കേരള കാർഷിക സർവകലാശാല രജിസ്ട്രാറിന്/ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്.

13. The candidate should report at the concerned College/ Institution on the date mentioned in their admit card. Those who do not report at the concerned college/

institution on the prescribed date, without prior permission, will lose the admission without further notice.

സര്‌വകലാശാല നൽകുന്ന അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച തീയതിയില് അപേക്ഷാർത്ഥി ബന്ധപ്പെട്ട കോളേജിൽ / സ്ഥാപനത്തിൽ ഹാജരാകേണ്ടതാണ്. മുൻകൂർ അനുമതിയില്ലാതെ നിർദ്ദിഷ്ട തീയതിയിൽ ബന്ധപ്പെട്ട കോളേജിൽ ഹാജരാകാത്തവർക്ക് മറ്റൊരു അറിയിപ്പ് കൂടാതെ പ്രവേശനം നഷ്ടപ്പെടുന്നതാണ്.

14. KAU reserves the right to decide on and choose the mode of admission as it deems fit depending upon the applicants' turn out and the number of vacant seats during each phase of admission.

പ്രവേശനത്തിന്റെ ഓരോ ഘട്ടത്തിലും അപേക്ഷകരുടെ ഹാജർനിലയും ഒഴിവുള്ള സീറ്റുകളുടെ എണ്ണവും അനുസരിച്ച്, പ്രവേശന രീതി തീരുമാനിക്കാനും തിരഞ്ഞെടുക്കാനുമുള്ള അവകാശം കാർഷിക സർവകലാശാലയിൽ നിക്ഷിപ്തമാണ്.

15. If the number of applicants for any of the academic programme(s) exceeds a certain limit (which will be decided by KAU), a common objective entrance/screening test of short duration will be conducted, if necessary, to prepare the rank list within the stipulated time. KAU reserves the right to decide on this matter as it deems fit.

വിവിധ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്നവരുടെ എണ്ണം ഒരു പരിധിയിലധികം അധികരിച്ചാൽ, റാങ്ക് പട്ടിക സമയബന്ധിതമായി തയ്യാറാക്കുന്നതിലേക്കായി, ആവശ്യമെങ്കിൽ അപേക്ഷകർക്ക് കുറഞ്ഞ സമയ ദൈർഘ്യമുള്ള പൊതു ഒബ്‌ജക്റ്റീവ് എൻട്രൻസ്/ സ്‌ക്രീനിംഗ് ടെസ്റ്റ് നടത്തി റാങ്ക് പട്ടിക തയ്യാറാക്കുന്നതാണ്. ഈ വിഷയത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം കേരള കാർഷിക സർവകലാശാലയിൽ നിക്ഷിപ്തമാണ്.

**Penalty for False Information** :

തെറ്റായ വിവരങ്ങള് നൽകുന്നതിനുള്ള പിഴ

Any candidate who is found to have willfully or otherwise provided false information, suppressed facts or material information, or failed to meet the requisite qualifications for admission shall be disqualified. If such discrepancies are detected at any stage during the candidate's studentship in the University, they shall not be allowed to continue on the rolls of the University. In case the candidate has already graduated, the Degree awarded by the University will be withdrawn.

വ്യാജമായ ഏതെങ്കിലും രേഖകള്, വിവരങ്ങൾ, വിശദാംശങ്ങൾ മനപ്പൂർവ്വമോ അല്ലാതെയോ നൽകുകയോ സുപ്രധാന വിവരങ്ങൾ മറച്ചുവെക്കുകയോ പ്രവേശനത്തിന് ആവശ്യമായ യോഗ്യത ഇല്ലാതിരിക്കുകയോ ചെയ്യുന്ന ഏതൊരു അപേക്ഷാർത്ഥിയെയും അയോഗ്യനാക്കുന്നതാണ്. സർവകലാശാലയില് വിദ്യാർത്ഥി ആയിരിക്കുന്ന ഏതെങ്കിലും ഘട്ടത്തിൽ ഇത് കണ്ടെത്തിയാൽ അവരെ സർവകലാശാലയുടെ വിദ്യാർഥിയായി തുടരാൻ അനുവദിക്കാത്തതും വിദ്യാര്ഥിപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. അപേക്ഷാർത്ഥി ഇതിനകം സർവകലാശാലയിൽ നിന്ന് പഠനം പൂര്ത്തീകരിച്ചിട്ടുണ്ടെങ്കിൽ, സർവകലാശാല നൽകുന്ന ബിരുദം പിൻവലിക്കുന്നതാണ്.

## Rejection of Application and Disqualification of Candidates:

അപേക്ഷ നിരസിക്കലും ഉദ്യോഗാർത്ഥികളുടെ അയോഗ്യതയും :

a. Applications received late or defective or incomplete in any manner or which do not contain any of the relevant enclosures specified above are liable to be summarily rejected.

സമയപരിധിക്കുശേഷം സമര്പ്പിച്ചതോ ഏതെങ്കിലും വിധത്തിൽ അപൂർണ്ണമോ അല്ലെങ്കിൽ മുകളിൽ വ്യക്തമാക്കിയ ഏതെങ്കിലും അവശ്യരേഖകള് സമർപ്പിക്കാത്തതോ ആയ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

b. Applicants who attempt to canvas or influence the university authorities in any manner, directly or otherwise, will be disqualified.

ഏതെങ്കിലും വിധത്തില് സർവകലാശാല അധികാരികളെ നേരിട്ടോ അല്ലാതെയോ സ്വാധീനിക്കാൻ ശ്രമിക്കുന്ന അപേക്ഷാർത്ഥികള് അയോഗ്യരാക്കപ്പെടുന്നതാണ്.

**Please Note** : The notice for admission, provisional list of applicants selected for admission and announcements regarding admission process will be published in the KAU web portal. Please visit ***www.admissions.kau.in*** regularly for updates .

**ദയവായി ശ്രദ്ധിക്കുക** : പ്രവേശന നടപടികൾ സംബന്ധിച്ച അറിയിപ്പുകളും പ്രവേശനത്തിനായി തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ പട്ടികയും സർവകലാശാല വെബ് പോർട്ടല് ***www.admissions.kau.in*** ൽ പ്രസിദ്ധീകരിക്കുന്നതാണ്. സമയബന്ധിത വിവരങ്ങള്ക്കായി വെബ്പോർട്ടൽ പതിവായി സന്ദർശിക്കുക.

### UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009

Ragging in Kerala Agricultural University (KAU), in any form, has been strictly banned and is a criminal offence. Before applying, all the candidates are advised to study in detail the UGC Regulations on Curbing the Menace of Ragging in Higher Educational Institutions,2009. (https://www.ugc.ac.in/oldpdf/ragging/gazzetaug2010.pdf).

Ragging is totally prohibited in KAU institutions, and anyone found guilty of ragging and/or abetting ragging, whether actively or passively, or being a part of a conspiracy to promote ragging, is liable to be punished in accordance with these Regulations as well as under the provisions of any penal law for the time being in force.

Every student studying in KAU and his/her parents/guardians shall be required to provide the specific affidavits in accordance with clauses (d), (e) and (g) of Regulation 6.1 of these Regulations at the time of admission or registration, as the case may be, during each

academic year.

The candidates are advised to contact Anti-Ragging Committee/Cell of the institution (KAU) for further information in this regard. They may visit the Agricultural Education Portal (https://education.icar.gov.in/ ) of Indian Council of Agricultural Research (ICAR) to reach the website of the Kerala Agricultural University (visit https://kau.in/)/ Institution of their interest for more information.

**ANTI RAGGING HELPLINE NUMBERS :**

REGIONAL AGRICULTURAL RESEARCH STATION, KUMARAKAM: 9446223140
COLLEGE OF AGRICULTURE, VELLANIKKARA: 9496320212
KELAPPAJI COLLEGE OF AGRICULTURAL ENGINEERING AND FOOD TECHNOLOGY, TAVANUR, MALAPPURAM: 9447301928, 9446967622

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഭീഷണി തടയുന്നതിനുള്ള യു.ജി.സി. റെഗുലേഷൻസ്, 2009**

കേരള കാർഷിക സർവകലാശാലയിൽ (കെ.എ.യു.) ഏതെങ്കിലും രൂപത്തിൽ റാഗിംഗ് നടത്തുന്നത് കർശനമായി നിരോധിച്ചിട്ടുള്ളതും അത് ക്രിമിനൽ കുറ്റവുമാണ്. അപേക്ഷിക്കുന്നതിന് മുമ്പ്, എല്ലാ ഉദ്യോഗാർത്ഥികളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗിന്റെ ഭീഷണി തടയുന്നതിനുള്ള യു.ജി.സി. റെഗുലേഷൻസ്, **2009** വിശദമായി വായിക്കാൻ നിർദ്ദേശിക്കുന്നു. **(https://www.ugc.ac.in/oldpdf/ragging/gazzetaug2010.pdf).**

കാർഷിക സർവകലാശാലയുടെ സ്ഥാപനങ്ങളിൽ റാഗിംഗ് പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. റാഗിംഗ് നടത്തുകയോ കൂടാതെ/അല്ലെങ്കിൽ അതിന് സജീവമായോ അല്ലാതെയോ പ്രേരിപ്പിക്കുകയോ ചെയ്യുതിനു കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന ഏതൊരാളും, റാഗിംഗ് പ്രോത്സാഹിപ്പിക്കുകയോ റാഗിംഗ് ഗൂഢാലോചനയുടെ ഭാഗമാകുകയോ ചെയ്യാലും, ഈ ചട്ടങ്ങൾക്കും പ്രാബല്യത്തിലുള്ള ഏതെങ്കിലും ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾക്കും അനുസൃതമായി ശിക്ഷാർഹനാണ്.

സർവകലാശാലയിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിയും അവന്റെ/അവളുടെ മാതാപിതാക്കൾ/രക്ഷിതാക്കളും ഈ റെഗുലേഷനിലെ റെഗുലേഷൻ **6.1** ലെ ക്ലോസുകൾ (ഡി) (ഇ), (ജി) എന്നിവയ്ക്ക് അനുസൃതമായി നിർദ്ദിഷ്ട സത്യവാങ്മൂലങ്ങൾ പ്രവേശന സമയത്തോ രജിസ്ട്രേഷൻ സമയത്തോ ഓരോ അക്കാദമിക വർഷവും നൽകേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് അപേക്ഷാർത്ഥികൾ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ (കേരള കാർഷിക സർവകലാശാലയുടെ) ആന്റി റാഗിംഗ് കമ്മിറ്റി/ സെല്ലുമായി ബന്ധപ്പെടാൻ നിർദ്ദേശിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിലിന്റെ (ഐ.സി.എ.ആർ) കാർഷിക വിദ്യാഭ്യാസ പോർട്ടൽ (**https://education.icar.gov.in/**) സന്ദർശിക്കാവുന്നതും കേരള കാർഷിക സർവകലാശാലയുടെ വെബ്‌പോർട്ടൽ (**https://kau.in/**) വഴി ബന്ധപ്പെടാവുന്നതുമാണ്.

**ആന്റി റാഗിംഗ് ഹെൽപ്പ്‌ലൈൻ നമ്പറുകൾ**

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം : 9446 223 140

കാർഷിക കോളേജ്, വെള്ളാനിക്കര : 9496 320 212

| |
|---|
| **കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് & ഫുഡ് ടെക്നോളജി കോളേജ്, തവനൂർ : 9447301928, 9446967622** |

*for admission related queries,*

*contact +91 487-243 8139 (10 AM to 5 PM on working days) or*

*email to hqreduf@kau.in*

**Dr. S GOPAKUMAR**
**DIRECTOR OF EDUCATION**